# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 414** | **29/05/2019 - ൽ മറുപടിയ്ക്ക്**

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ.സി. ജോസഫ്

ശ്രീ. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ത്രിതല പഞ്ചായത്തുകളുടെ 2018-19 സാമ്പത്തിക വർഷത്തെ ധന വിനിയോഗം**

| ചോദ്യം | മറുപടി |
|---|---|
| (എ) 2018-19 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി എത്ര കോടി രൂപ അനുവദിച്ചുവെന്നും 2019 മാർച്ച് 31 വരെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | (see table below) |
| (ബി) 2019 ജനുവരി 1 ന് ശേഷം ഏതെല്ലാം രീതിയിലുള്ള ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേ സമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. അതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിന് വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും 2019 ജനുവരി 1 ന് ശേഷം ഏർപ്പെടുത്തിയിട്ടില്ല. |

(എ) മറുപടി:

| പ്രാദേശിക സർക്കാരുകൾ | 2018-19 (തുക കോടിയിൽ) | |
|---|---|---|
| | അനുവദിച്ചത് | ചെലവഴിച്ചത് |
| ത്രിതല ഗ്രാമപഞ്ചായത്ത് | 5213.00 | 4460.69 |
| നഗരസഭകൾ | 1850.57 | 1286.76 |

| | |
|---|---|
| (സി) 2019 മാർച്ച് 31 വരെ ത്രിതല പഞ്ചായത്തുകൾ സമർപ്പിച്ച എത്ര കോടി രൂപയുടെ ബില്ലുകൾ ക്യൂവിൽ രേഖപ്പെടുത്തിയെന്നും ഈ തുക പ്രസ്തുത സാമ്പത്തിക വർഷം തന്നെ കണക്കിൽപ്പെടുത്തി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇതിനായി എന്തുസംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്ന തെന്നും വെളിപ്പെടുത്തുമോ ? | ട്രഷറികളിൽ 28/03/2019, 05.00 മണി വരെ ലഭിച്ചിട്ടുള്ളതും 2018-19 സാമ്പത്തിക വർഷത്തിൽ പാസ്സാക്കാൻ സാധിക്കാത്തതുമായ എല്ലാ ബില്ലുകളും, ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിരുന്നു. 2019 മാർച്ച് 31 വരെ ത്രിതല പഞ്ചായത്തുകൾ സമർപ്പിച്ച 834.09 കോടി രൂപയുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക നടപ്പ് സാമ്പത്തിക വർഷത്തെ (2019-20) കണക്കിൽ ഉൾപ്പെടുത്തി നൽകുന്നതിന് 12/04/2019 ലെ സ.ഉ. (സാധാ) നം.3002/2019/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ, ചെക്കുകൾ എന്നിവ ക്ലിയർ ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 10/04/2019 ന് 31/2019/ധന നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ